**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 84** **22-02-2022 - ൽ മറുപടിയ്ക്ക്**

**സിൽവർ ലൈൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സിൽവർ ലൈൻ പദ്ധതിക്ക് നിലവിൽ കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോയെന്നും ഇതുമായി ബന്ധപ്പെട്ട് എത്ര ഏക്കർ ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട് എന്നും വിശദമാക്കാമോ; | (എ) | കേന്ദ്ര റെയിൽ മന്ത്രാലയത്തിന്റെ കത്ത് പ്രകാരം സിൽവർലൈൻ പദ്ധതിയുടെ പ്രീ ഇൻവെസ്റ്റ് ആക്ടിവിറ്റീസ് ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ ഏറ്റെടുത്തു നടത്തുന്നതിന് തത്വത്തിലുള്ള അംഗീകാരം ലഭിച്ചിരുന്നു. കൂടാതെ, കേന്ദ്രസർക്കാരിന്റെ റെയിൽവേ മന്ത്രാലയം, ഡിപ്പാർട്ട്മെന്റ് ഓഫ് എക്സ്പെൻഡിച്ചർ, നീതി ആയോഗ് എന്നീ വകുപ്പുകൾ പദ്ധതി വിദേശവായ്പക്കായി പരിഗണിക്കുന്നതിനുള്ള ശുപാർശ കേന്ദ്രസാമ്പത്തികകാര്യ മന്ത്രാലയത്തിന് നൽകിയിട്ടുണ്ട്. ഡി.പി.ആർ പ്രകാരം പ്രസ്തുത പദ്ധതിക്കായി 3417.467 ഏക്കർ ഭൂമിയാണ് ഏറ്റെടുക്കേണ്ടതായി വരിക. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. സമർപ്പിക്കുന്നതിൽ കാലതാമസം നേരിട്ടതിന്റെ കാരണങ്ങൾ വിശദമാക്കാമോ; | (ബി) | സിൽവർ ലൈൻ പദ്ധതിക്ക് 17.12.2019 ൽ റെയിൽ മന്ത്രാലയത്തിൽ നിന്നും തത്വത്തിലുള്ള അംഗീകാരം ലഭിച്ച് 6 മാസത്തിനുള്ളിൽ 17.06.2020-ന ഡി.പി.ആർ സംസ്ഥാന സർക്കാരിന്റെ അനുമതിയോടെ റെയിൽവേ ബോർഡിനു സമർപ്പിച്ചിട്ടുണ്ട്. |
| (സി) | പുതുക്കിയ കേന്ദ്ര ബജറ്റിൽ സിൽവർ ലൈനിന് സമാനമായ പദ്ധതി പ്രഖ്യാപിച്ച സാഹചര്യത്തിൽ പ്രസ്തുത പദ്ധതിയുമായി മുന്നോട്ട് പോകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (സി) | സിൽവർ ലൈനിനു സമാനമായ പദ്ധതികളൊന്നും ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടില്ല. വന്ദേ ഭാരത് ട്രെയിനുകൾ 160 കിലോമീറ്റർ വേഗതയിൽ മാത്രമാണ് ഓടിക്കാൻ കഴിയുന്നത്. എന്നാൽ, കേരളത്തിലെ ട്രാക്കുകൾക്ക് മണിക്കൂറിൽ 80 കിലോമീറ്റർ മുതൽ 110 കിലോമീറ്റർ വരെ വേഗതയെ കൈവരിക്കാൻ സാധിക്കുകയുള്ളൂ. വന്ദേ ഭാരത് ട്രെയിനുകൾ കേരളത്തിൽ ഓടുകയാണെങ്കിൽ, ജനശതാബ്ദി, രാജധാനി തുടങ്ങിയ ട്രെയിനുകളുടെ അതേ റണ്ണിംഗ് ടൈം മാത്രമേ നേടാനാകൂ. വന്ദേ ഭാരത് ട്രെയിനുകൾ മണിക്കൂറിൽ 160 കിലോമീറ്റർ വേഗതയിൽ ഓടുന്നതിന് അനുയോജ്യമാക്കുന്നതിന് കേരളത്തിൽ നിലവിലുള്ള റെയിൽവേ ശൃംഖല |

| | | | |
|---|---|---|---|
| | | | നവീകരിക്കുന്നതിന്, നിലവിലുള്ള ട്രാക്കിന്റെ 36% നീളമുള്ള 626 വളവുകൾ വളരെ ഉയർന്ന മൂലധനച്ചെലവിൽ നേരെയാക്കേണ്ടതായുണ്ട്. ട്രെയിൻ സർവീസുകൾ നടത്തുന്നതിനൊപ്പം നവീകരണവും നടത്തേണ്ടതിനാൽ ഈ നവീകരണ പ്രക്രിയയ്ക്ക് 10 മുതൽ 20 വർഷം വരെ എടുത്തേക്കാം. തിരക്കുള്ള സമയങ്ങളിൽ ഓരോ ഇരുപത് മിനിറ്റിലും 200 കി.മി വേഗതയിൽ ഒരു ട്രെയിൻ വീതം ഓരോ ദിശയിലും ദിവസവും 37 ട്രെയിനുകൾ ഓടിക്കാൻ സിൽവർലൈൻ പദ്ധതി വഴി സാധിക്കും. സ്വകാര്യ വാഹനങ്ങളിൽ നിന്ന് ബഹുജന പൊതുഗതാഗത സംവിധാനത്തിലേക്ക് മാറുന്നതിന് റോഡ് ഉപയോക്താക്കളെ ആകർഷിക്കുന്നതിനായി കേരളത്തിനുള്ളിൽ ഇടയ്ക്കിടെ അതിവേഗ ഇന്റർസിറ്റി ട്രെയിനുകൾ ഓടിക്കുക എന്നതാണ് സിൽവർലൈനിന്റെ ഉദ്ദേശ്യം. |

സെക്ഷൻ ഓഫീസർ